
18
ജൂലൈ 2023
ചൊവ്വ
Pages- 5
Vol. 2 Issue 166

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
CNL7 MEDIA
535



## അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി:

# പെന്തകോസ്തിന്റെ ആത്മമിത്രം

പേജ് 4 കാണുക

## സംസ്കാരം വ്യാഴാഴ്ച പുതുപ്പള്ളിയിൽ

## എഡിറ്റോറിയൽ
## ക്രിസ്ത്യൻ ലൈവ്

2023 ജൂലൈ 18 ചൊവ്വ



# ആട്ടിൻ തോലിട്ട ചെന്നായ്ക്കളെ സൂക്ഷിക്കുക

ഇന്ത്യയിലെ ഓരോ പൗരനും അവരവർക്കിഷ്ടമുള്ള മതങ്ങളിൽ വിശ്വസിക്കുവാനും അതിനനുസരിച്ചു ജീവിക്കുവാനും അവകാശമുണ്ട് എന്ന് ഭരണഘടന അനുശാസിക്കുമ്പോൾ, ഒരുകൂട്ടം പേർക്ക് ഒന്നും ചെയ്യാൻ പാടില്ല എന്ന നിലയിൽ കാര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. സമ്മേളനങ്ങൾ നടത്തുന്നവർ അവരവരുടെ വിശ്വാസത്തിനനുസരിച് കാര്യങ്ങൾ ചെയ്യുമ്പോൾ, രാഷ്ട്രീയ മേഖലയിൽ ഉള്ളവർക്ക് തങ്ങളുടെ പദവി അനുസരിച്ചു പങ്കെടുക്കേണ്ടി വന്നേക്കാം എന്നാൽ തങ്ങളുടെ വിശ്വാസപ്രമാണം വിട്ട് അതിൽ പങ്കെടുക്കണം എന്ന നിർബന്ധം ഇല്ല. മറ്റൊരാളുടെ വിശ്വാസത്തെ പരസ്യമായി അപമാനിക്കാനും ആർക്കും അവകാശമില്ല. മറ്റുള്ളവരെയും അവരുടെ വിശ്വാസത്തേയും ബഹുമാനിക്കുന്നവർ ആണ് മാന്യർ എന്ന നാം തിരിച്ചറിയണം.

ഈ ദിവസങ്ങളിൽ സോഷ്യൽ മീഡിയ യിൽ ഏറെ ശ്രദ്ധയാകർഷിക്കപ്പെട്ട വിഷയമായിരുന്നു നിലവിളക്ക് തെളിയിക്കുന്നതിനെപ്പറ്റിയുള്ള ചർച്ച. പല സുവിശേഷ യോഗങ്ങളിലും പങ്കെടുത്തു യേശുവിനോട് വളരെ സ്നേഹമാണെന്നും ഒക്കെ പരസ്യമായി പറഞ്ഞു ക്രിസ്ത്യാനികളോട് വളരെ അടുപ്പം പുലർത്തിയിരുന്ന ഒരു നേതാവ് തന്റെ ഹൃദയത്തിൽ ഒളിഞ്ഞിരുന്ന ജാതി വിദ്വേഷം പുറത്തെടുത്തതാണോ? നമ്മുടെ ഇടയിൽ വന്നു അവരുടെ ഹൃദയത്തിലെ കാര്യസാധ്യം പ്രാപിക്കുന്നവരെ വിവേചിക്കുവാൻ കഴിയാത്ത നമ്മുടെ നേതാക്കന്മാരെ ഓർത്തു ലജ്ജിക്കുന്നു. വോട്ട് കൂടുതൽ കിട്ടുന്ന സ്ഥലത്ത് വന്നു ജനത്തെ ഇളക്കുവാൻ എന്തും പറയുന്ന രാഷ്ട്രീയ നേതാക്കളെ തിരിച്ചറിയണം എന്ന് മനസ്സിലാക്കിയെങ്കിൽ നന്ന്. ആട്ടിൻ തോലിട്ട ചെന്നായ്ക്കൾ സഭയെ മുടിക്കുമെന്ന് മനസ്സിലാക്കാൻ നാം വൈകുന്നു. സുവിശേഷ യോഗങ്ങളിൽ പോലും യേശുവിനെക്കാൾ സ്ഥാനം കൊടുത്ത് വേദികളിൽ ഇരുത്തുന്നവർ ഇതൊന്നു കേട്ടെങ്കിൽ നന്നായിരുന്നു.ഇത് അന്ത്യ കാലഘട്ടം ആണ്. പലരും വന്നു തെറ്റിക്കും എന്ന യേശു താൻ പറഞ്ഞ വാക്ക് ഓർത്തു കുറച്ചു കൂടി ദൈവത്തെയും ദൈവത്തിന്റെ പ്രമാണങ്ങളെയും മുറുകെ പിടിക്കാൻ ദൈവജനത്തെ ദൈവം സഹായിക്കട്ടെ. സൂക്ഷിച്ചുകൊൾവീൻ എന്ന പറഞ്ഞതൊക്കെ നമുക്ക് സൂക്ഷിക്കാം.


സിസ്റ്റർ ഷീലാ ദാസ്

# ഇമ്മാനുവേൽ ചർച്ച് ഓഫ് ഗോഡ്, ഹൊരെബ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി & മിഷൻ വാർഷിക സംഗമം നടത്തി



കരിമണ്ണൂർ :ഞായറാഴ്ച സഭായോഗത്തോടനുബന്ധിച്ച് ഇമ്മാനുവൽ ചർച്ച് ഓഫ് ഗോഡ് ദൈവസഭയിൽ Horeb Institute of Theology യുടെ ഒരു വർഷം പൂർത്തിയായതിന്റെ സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡും,ബ്ര. മത്യു പടിഞ്ഞാറെയിൽ( പ്രസിഡന്റ് ) അവറുകൾ പഠിതാക്കൾക്ക് സമ്മാനിച്ചു; കേൾക്കാൻ ചെവിയുള്ള ആർക്കും കടന്നുവന്ന് വേദവചനം അഭ്യസിക്കുവാൻ ആയിട്ടുള്ള ഒരു അവസരമാണ് Horeb Institute of Theology ഒരുക്കുന്നത് എന്ന് പ്രസിഡന്റ് എടുത്തുപറഞ്ഞു. Horeb Institute of Theology യുടെ ഡയറക്ടറും ഇമ്മാനുവൽ ചർച്ച് ഓഫ് ഗോഡ് ദൈവസഭയുടെ സീനിയർ ശുശ്രൂഷകനും ആയ Pr. പീ ജി ജോസഫ് അവർകൾ യോഗത്തിന് അധ്യക്ഷത വഹിച്ചു. കഴിഞ്ഞവർഷത്തെ പ്രവർത്തനത്തിന്റെ റിപ്പോർട്ട് പ്രിൻസിപ്പാൾ Pr.റ്റിജോമോൻ റ്റി എ അവതരിപ്പിച്ചു. ഒരു വർഷക്കാലം പ്രവർത്തിച്ച മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച്, അതിന്റെ വ്യാപ്തിയെ ക്കുറിച്ച് മിഷൻ ഡയറക്ടർ പാസ്റ്റർ എം കെ തങ്കച്ചൻ വിവരിച്ചു, ഈ കാലഘട്ടത്തിൽ സുവിശേഷീകരണത്തിന്റെ പ്രാധാന്യം പാസ്റ്റർ വിവരിച്ചു. പ്രസ്തുത വേദ വചന പഠന കേന്ദ്രത്തിന്റെ പ്രസിഡണ്ടിനും ഡയറക്ടർക്കും സ്നേഹാദരമായിട്ട് ഓഡിയോ ബൈബിൾ നൽകി ആദരിച്ചു.Br. ബാബു മലയിഞ്ചി, Br. ജോസ് പള്ളിക്കാമുറി ;എന്നിവരാണ് ബൈബിൾ കോളേജിനെയും സഭയെയും മിഷൻ പ്രവർത്തനത്തിനെയും പ്രതിനിധീകരിച്ച് സ്നേഹാദരം സമ്മാനിച്ചത്, സഭയുടെ സെക്രട്ടറിBr. ബാബു വെളിയത്ത്, ഡീൻ: ബിനിമോൾ ബാബു സഭയിൽ സന്നിഹിതരായിരുന്നു സഭയുടെ അനുഗ്രഹീതമായ സാന്നിധ്യത്തിൽ ആയിരുന്നു ഈ പരിപാടികൾ നടന്നത്.

# അട്ടപ്പാടിയിൽ പെന്തെക്കോസ്തു ഐക്യ കൺവൻഷൻ

പാലക്കാട് : അട്ടപ്പാടി പെന്തെക്കോസ്തു ഐക്യവേദിയും ഐപിസി നെല്ലിപ്പതി സഭയും സംയുക്തമായി ഒരുക്കുന്ന 16മത് വാർഷിക കൺവെൻഷൻ ജൂലൈ 20 മുതൽ 22 വരെ അഗളി ക്യാമ്പ് സെന്ററിൽ നടക്കും. പാസ്റ്റർ ഷിബു മുളവന (മലബാർ മേഖല കൺവീനർ) ഉദ്ഘാടനം നിർവഹിക്കും. പകൽ നേരങ്ങളിലും വൈകിട്ടും യോഗങ്ങൾ നടക്കും.

പാസ്റ്റർമാരായ വിനു ജോയ്, എം. ജെ.മത്തായി , പ്രകാശ് പീറ്റർ , വി.കെ. ജെയിംസ്, ജെസ്റ്റിൻ കായംകുളം, ഡോ. കെ. മുരളീധർ എന്നിവർ പ്രസംഗിക്കും. P I V വോയ്സ് ഗാനങ്ങൾ ആലപിക്കും. പാസ്റ്റർമാരായ ജെഫി വർഗീസ്, സനോജ്. ടി. പി. നെല്ലിപ്പതി എന്നിവർ കോഡിനേറ്റർസായി നേതൃത്വം നല്കും.

# ഉമ്മൻ ചാണ്ടി ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ അടുത്ത സുഹൃത്ത്

തിരുവല്ല: നമ്മെവിട്ടു വിടവാങ്ങിയ കേരള സംസ്ഥാന മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ അടുത്ത സുഹൃത്തായിരുന്നു എന്ന് മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ വി ജെ തോമസ്. തികഞ്ഞ ദൈവവിശ്വാസിയും മനുഷ്യ സ്നേഹിയും പ്രത്യേകിച്ച് പെന്തെക്കോസ്തു സമൂഹവുമായി നല്ല ബന്ധം പുലർത്തുകയും ചെയ്ത വ്യക്തിയായ ഉമ്മൻ ചാണ്ടി ഒരു പ്രാർത്ഥനാ മനുഷ്യനുമായിരുന്നു. തന്റെ അടുക്കൽ പരാതിയുമായി വരുന്ന ആരെയും താൻ നിരാശപ്പെടുത്തി വിട്ടിട്ടില്ല. തന്റെ പൊതുപ്രവർത്തനം ഇന്നും അനേകർക്കു ഒരു പ്രചോദനവും ആവേശവുമാണ്. ലീഡിങ് പെന്തക്കോസ്തു സഭയായ ശാരോൻ ഫെല്ലോഷിപ്പ് ചർച്ചുമായും അദ്ദേഹത്തിന് വളരെ അടുപ്പം ഉണ്ടായിരുന്നു. പൊതുസമ്മതനും ജനകീയനുമായ ഒരു പൊതുപ്രവർത്തകൻ കൂടി നമ്മെ വിട്ടു പോകുമ്പോൾ അദ്ദേഹം എത്രമാത്രം ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു എന്നത് വിസ്മരിക്കാൻ കഴിയില്ല. അദ്ദേഹത്തിന്റെ സ്നേഹാദരവോടെയുള്ള ഇടപെടലുകൾ സഭയ്ക്ക് മറക്കാൻ കഴിയില്ലെന്ന് സഭയുടെ ഇന്റർനാഷണൽ പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസ്, നാഷണൽ പ്രസിഡന്റ് പാസ്റ്റർ എബ്രഹാം ജോസഫ് എന്നിവർ പ്രസ്താവിച്ചു. മറ്റു കൗൺസിൽ അംഗങ്ങളും തങ്ങളുടെ ഓർമ്മകൾ പങ്കുവെച്ചു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സാറിന്റെ വിയോഗത്തിൽ ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ആഗോള വ്യാപകമായി എല്ലാ സഭകളും ദുഃഖത്തിൽ പങ്കുചേരുന്നു. കുടുംബ അംഗങ്ങളെ സർവേശ്വരൻ ആശ്വസിപ്പിക്കട്ടെ.

## ബംഗാൾ ഉൾക്കടലിൽ ചക്രവാതച്ചുഴിക്ക് സാധ്യത

ന്യൂഡൽഹി : അടുത്ത 24 മണിക്കൂറിനുള്ളിൽ വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ ചക്രവാതച്ചുഴി രൂപപ്പെടാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തെക്കൻ ഝാർഖണ്ഡിന്റെ മുകളിൽ ചക്രവാതച്ചുഴി നിലനിൽക്കുന്നുണ്ട്.
കേരളത്തിൽ ജൂലൈ 18 മുതൽ 21 വരെ വ്യാപകമായ മഴക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴക്കും സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

# സ്റ്റെറിസോ മൂന്നാമത് ആത്മീയ സംഗമം 2023

കുമ്പനാട് : സൗദിയിൽ ജോലി ചെയ്തിരുന്ന പെന്തക്കോസ്തു സമൂഹത്തിന്റെ ഐക്യ വേദിയായ കെഎസ്എ പെന്തക്കോസ്തൽ കമ്മ്യൂണിറ്റിയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് പതിനാലാം തിയതി തിങ്കളാഴ്ച രാവിലെ 9:30 മുതൽ 2:00 വരെ മൂന്നാമത് ആത്മീയ സംഗമം കുമ്പനാട് ഐ.പി.സി ഹെബ്രോൺ ചാപ്പലിൽ നടക്കും.
പാസ്റ്റർ തോമസ് നൈനാൻ അധ്യക്ഷത വഹിക്കുകയും പാസ്റ്റർ ഐ. ജോൺസൺ (കുണ്ടറ) പ്രസംഗിക്കുകയും ചെയ്യും. പാസ്റ്റർ ജെയിംസ് ജോൺ തോന്നിയാമലയും സ്റ്റെറിസോ ടീമും പ്രെയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം കൊടുക്കും. സമ്മേളനത്തിന് പാസ്റ്റർമാരായ കെ കെ ഷാജി, സാം മാത്യു തുടങ്ങിയവർ നേതൃത്വം വഹിക്കും. Phone : + 91 98473 69074 / 95623 43598.

EDITORIAL BOARD
Chief Editor: Blessin John Malayil
Managing Editor Aji George
Publisher Nelson George
Editors: Pr Sajo Thonikkuzhiyil, Pr. Titus Johnson, Pr. Sam Elambal, Joji Iype Mathews, Pr. Shibu Thomas, Oklahoma.
Pr. Blesson Cherian, Canada. Rojin Pynummoodu, Duglus Joseph, Sis.Jessy Koshy, Sis.Blessy Rufus
+91 9188522220 +91 9846552220 Email: cnl7news@gmail.com
Layout: Shaji Vazhoor ... 9656571354

## പ്രത്യേക ഫീച്ചർ



# ഉദ്ഘാടന കർമ്മങ്ങളിൽ പെന്തക്കോസ്തുകാർ ദീപം തെളിക്കണോ?

### തയ്യാറാക്കിയത്: പാസ്റ്റർ ജോൺസൺ കുമ്പനാട്

പത്തനാപുരം എം എൽ എ ഗണേഷ് കുമാർ കഴിഞ്ഞ ദിവസം പൊതുവേദിയിൽ നടത്തിയ ഒരു പരാമർശം പെന്തക്കോസ്ത് സമൂഹത്തിൽ ഏറെ ചർച്ചയ്ക്ക് കാരണമായി. പെന്തക്കോസ്ത് വിശ്വാസിയായ ഒരു സഹോദരി നിലവിളക്ക് തെളിക്കാൻ വിസ്സമ്മതിച്ചതായിരുന്നു വിഷയം. ഇതിൽ പെന്തകോസ്ത് സമൂഹം ഒന്നാകെ സോഷ്യൽ മിഡിയയിൽ ആശങ്കയും പ്രതിഷേധവും രേഖപ്പെടുത്തുകയാണ്.

## ഇടിവെട്ടിക്കുന്ന ദൈവത്തിന് മുന്നിൽ വെടി പൊട്ടിക്കുകയോ?

ഗണേഷ് കുമാറിന് പാസ്റ്റർമാരോട് ബന്ധം കാണും. അതിന്റെ ഫോട്ടോയും നാം കണ്ടിട്ടുണ്ട്.പക്ഷേ പെന്തക്കോസ്ത് എന്താണ് എന്ന് അറിയില്ല.

അതുകൊണ്ട് പറയട്ടെ

പെന്തകോസ്തുകാർ പൊതുയോഗങ്ങളിൽ നിലവിളക്ക് കത്തിക്കാറില്ല. കാരണം സൂര്യനെയും കോടാനുകോടി ഗ്യാലക്സികളെയും നിർമ്മിച്ച സർവ്വശക്തനായ ദൈവം ഞങ്ങളുടെ ഉള്ളിൽ ഉണ്ടെന്ന കാര്യം ഞങ്ങൾ അനുഭവിച്ചറിയുന്നു.

തന്നെ കാണാൻ എത്തുന്നവരോട് കലിയുഗവരദൻ 'തത്വമസി' (അത് നിന്നിലുണ്ട്)എന്ന് ഹൈന്ദവ സമൂഹത്തോടും പറഞ്ഞിട്ടുണ്ട്. എങ്കിലും അവർക്കത് മനസിലാകാത്തത് ഞങ്ങളുടെ കുറ്റമല്ല.



പാസ്റ്റർ ജോൺസൺ, കുമ്പനാട്

ഞങ്ങൾക്ക് പ്രത്യേക മതമില്ല; കൊടിയില്ല; ഞങ്ങൾ സമരം നടത്താറില്ല; ഹർത്താൽ നടത്താറില്ല ഞങ്ങൾക്ക് ആചാരങ്ങളില്ല

ഞങ്ങൾ റോഡ് ഉപരോധിക്കില്ല

ഞങ്ങൾക്ക് ചൊവ്വാദോഷമില്ല

ഞങ്ങൾക്ക് ആയുധ പരിശീലനമില്ല

ഞങ്ങളുടെ സ്ത്രീകൾ അശുദ്ധരല്ല, വിശുദ്ധരാണ്

ഞങ്ങൾ അതിരാവിലെ കോളാമ്പി പാട്ട് വച്ച് ശബ്ദമലിനികരണം നടത്തുന്നില്ല

ഞങ്ങൾ ഇടിവെട്ടിക്കുന്ന ദൈവത്തിനു മുമ്പിൽ മറ്റുള്ളവർക്ക് ഹൃദയ സ്തംഭനത്തിന് കാരണമായ വെടി പൊട്ടിക്കാറില്ല.

ഞങ്ങൾ ആംബുലൻസുകളെയും വാഹനങ്ങളയും തടഞ്ഞ് റോഡ് പ്രദക്ഷിണം നടത്താറില്ല

ഞങ്ങളുടെ ആരാധനാലയങ്ങളിൽ ഒരു കുറുവടി പോലും കണ്ടെത്താനാവില്ല

ഞങ്ങൾ പൊതുസ്ഥലങ്ങൾ കയ്യേറി കുരിശു നാട്ടുകയോ കാണിക്കവഞ്ചി സ്ഥാപിക്കയോ ചെയ്യാറില്ല

ഞങ്ങൾ രാജ്യത്തിന്റെ നിയമത്തെ അനുസരിക്കുന്നു.

ഞങ്ങൾ രാജ്യത്തിന് വേണ്ടി പ്രാർത്ഥിക്കുന്നു.ഞങ്ങൾ ഭരണാധികാരികൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു

ഞങ്ങൾ ഈ ഭൂമിയിൽ ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിക്കുകയോ ഭരണം കയ്യാളുകയോ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയോ ചെയ്യുന്നില്ല. (ഇതിനെതിരെ ചെയ്യുന്നവരുണ്ടാകാം. അവർ പെന്തക്കോസ്തരല്ല)

ഞങ്ങൾ മശിഹൈക ഭരണത്തിനായി കാത്തിരിക്കുന്നു.

ഞങ്ങൾ നീതി വസിക്കുന്ന പുതുവാന ഭൂമിക്കായി കാത്തിരിക്കുന്നു; ഞങ്ങൾ പെന്തക്കോസ്തുകാരായതിൽ അഭിമാനിക്കുന്നു.



# അവഹേളനമായി കാണുന്നു

ഞാൻ ഏറെ ഇഷ്ടപ്പെടുന്ന ഒരു നിയമസഭാ സാമാജികനാണ് ഗണേഷ് കുമാർ. അദ്ദേഹം ഇടതു നിന്നപ്പോഴും വലതു നിന്നപ്പോഴും നിയമസഭയിൽ എത്തണം എന്ന് രാഷ്ട്രീയത്തിന് അതീതമായി ആഗ്രഹിച്ച വ്യക്തികളിൽ ഒരാളാണ്. അദ്ദേഹത്തിലെ നടനെക്കാളും പൊതുപ്രവർത്തകനെയാണ് ഇഷ്ടം.അതിനർത്ഥം ഗണേഷ് കുമാർ ഒരു നല്ല നടനല്ല എന്നല്ല; പകരം അദ്ദേഹം നടത്തുന്ന നല്ല പ്രവർത്തിയെ സോഷ്യൽ മീഡിയയിൽ കൂടെ സപ്പോർട്ട് ചെയ്യാറുമുണ്ട്.



സുവി. രതീഷ് ഏലപ്പാറ

എന്നാൽ അദ്ദേഹം കഴിഞ്ഞ ദിവസം ഒരു പൊതു വേദിയിൽ പെന്തക്കോസ്തുകാരിയായ ഇളട ചെയർപേഴ്സനെ നിലവിളക്ക് കൊളുത്തിയില്ല എന്ന് പറഞ്ഞു കൊണ്ട് ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ ട്രോളി സംസാരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ഇന്ത്യാ രാജ്യം ഒരു മതേതര രാജ്യമാണ്. അതിൽ ദൈവം ഉണ്ടെന്നും ഇല്ലെന്നും വിശ്വസിക്കാൻ ഭരണ ഘടനയിൽ അനുമതിയുണ്ട്. അപ്പോൾ തന്നെ ഓരോരുത്തർക്കും അവരോരുടേതായ വിശ്വാസവുമുണ്ട്. ഗണേഷ് കുമാറിന് വലിയ പാസ്റ്റർമാരുമായിട്ട് ബന്ധം ഉണ്ടായിരിക്കും! എന്നാൽ പൊതുപ്രവർത്തകൻ എന്ന നിലയിൽ അദ്ദേഹം ആ സ്ത്രീയെ ആക്ഷേപിച്ച് സംസാരിച്ചത് ഈ സമൂഹത്തോടുള്ള പ്രത്യേകിച്ച് പെന്തക്കോസ്തുകാരോടുള്ള അവഹേളനമായി കാണുന്നു. ആരും ആരുടെയും വിശ്വാസത്തിൽ തലയിടേണ്ട കാര്യമില്ല. ആ സംസാര ശൈലിയോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

# പ്രസ്താവന പിൻവലിക്കണം

കേരളത്തിലെ നിയമസഭാ സാമാജകരിൽ ശ്രദ്ധേയമായ പ്രവർത്തനം നടത്തുന്ന ആളാണ് ഗണേഷ് കുമാർ. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പലതും സമൂഹത്തിനു ഗുണം ചെയ്യുന്നുണ്ട്. എന്നാൽ കഴിഞ്ഞ ദിവസത്തെ ഒരു പൊതു പരിപാടിയിൽ ഒരു പെന്തക്കോസ്ത് സഭാംഗം നിലവിളക്ക് കൊളുത്തിയില്ല എന്ന വിഷയത്തിൽ അദ്ദേഹം നടത്തിയ പരാമർശം അപലപനീയമാണ്. ഓരോ വ്യക്തിക്കും അവരവരുടെതായ വിശ്വാസ സംഹിതകൾ ഉണ്ട്. ഭൂരിഭാഗം പേരും അതിനെ പിൻപറ്റുന്നവരാണ്. ദീപം തെളിക്കുന്നതിൽ നിന്നും ഒരു സഹോദരി വിട്ടു നിന്നതുകൊണ്ട് അവരെയും അവർ ഉൾപ്പെട്ടു നിൽക്കുന്ന പെന്തക്കോസ്ത് സമൂഹത്തെയും മോശമായി ചിത്രീകരിച്ച് സംസാരിച്ചത് ഈ പെന്തക്കോസ്ത് വിഭാഗത്തോടുള്ള അദ്ദേഹത്തിന്റെ അനാദരവ് പ്രകടമാക്കുന്നു.

ഒരു സുവിശേഷകൻ എന്ന നിലയിൽ, ഒരു ഉപദേശിയുടെ മകൻ എന്ന നിലയിൽ ഗണേഷ് കുമാർ എംഎൽഎയുടെ ആ പ്രസ്താവനയെ ഞാൻ തള്ളിക്കളയുന്നു. ഒരാൾക്ക് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുവാനും അതിന്റെ ആചാരങ്ങൾ മുറുകെ പിടിക്കുവാനും ഇന്ത്യയിൽ നിയമം അനുവദിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പ്രസ്താവന ആ നിയമത്തിനെതിരാണെന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹം ആ പ്രസ്താവന പിൻവലിക്കുമെന്നും കരുതുന്നു.



സുവി. പ്രയ്സ് കർത്താ

പ്രത്യേക ഫീച്ചർ
3-ാം പേജിന്റെ തുടർച്ച



# ആക്ഷേപിച്ചത് തെറ്റായിപ്പോയി

എന്റെ സ്നേഹിതനായ ഗണേഷ് കുമാർ ഒരു പൊതു വേദിയിൽ പെന്തെക്കോസ്ത് വിശ്വാസിയായ സഹോദരിയെ നിലവിളക്ക് കത്തിക്കാത്തതിന്റെ പേരിൽ പരാമർശിച്ചത് എന്റെ ശ്രദ്ധയിൽപെട്ടു. 'അന്ധ വിശ്വാസമല്ലേ ചെയർ പേഴ്സണേ ഇത്? പാസ്റ്റർമാർ പഠിപ്പിച്ചതാണോ?' എന്നൊക്കെ ഒരു പൊതു വേദിയിൽ ആ സഹോദരിയെ ആക്ഷേപിച്ചത് തികച്ചും തെറ്റായിപ്പോയി. അദ്ദേഹത്തിന് കാര്യങ്ങൾ അറിയാത്തതു കൊണ്ടായിരിക്കാം ഇങ്ങനെയൊക്കെ പറഞ്ഞത്!

ഉന്നതമായ വിദ്യാഭ്യാസവും അറിവും പരിജ്ഞാനവും പല രാജ്യങ്ങളിൽ യാത്ര ചെയ്യുന്നവരുമാണ് മിക്ക പാസ്റ്റർമാരും! ലോക ജോലി ഉപേക്ഷിച്ച് ദൈവ വേലക്കുവേണ്ടി നിൽക്കുന്നവരാണ് ഇക്കൂട്ടർ. സമാധാന സന്ദേശത്തിന്റെ വക്താക്കളാണ് ! അദ്ദേഹത്തെക്കാളും കൂടുതൽ മൈക്രോഫോൺ ഉപയോഗിക്കുന്നതും പാസ്റ്റർമാരാണ് ! എല്ലാ നിലവാരത്തിലുമുള്ള ലൈബ്രറി സൂക്ഷിക്കുന്നതും പാസ്റ്റർമാരാണ് ! ഭാഷകൾ പഠിക്കുന്നതും പഠിപ്പിക്കുന്നതും പ്രസംഗിക്കുന്നതും ഇവരാൺ അതുകൊണ്ട് പാസ്റ്റർമാർ മോശപ്പെട്ടവരാണെന്ന ഗണേഷ് കുമാറിന്റെ ചിന്ത ആദ്യം തന്നെ ഉപേക്ഷിക്കണം.ആ പാവം സ്ത്രീയെ അദ്ദേഹം ജനമുമ്പാകെ ഇളഭ്യമാക്കുകയായിരുന്നു.ആ സഹോദരി മറ്റേതെങ്കിലും സമുദായത്തിൽ പ്പെട്ടിരുന്നതാണെങ്കിൽ എല്ലാവരും കൂടി ഞങ്ങളുടെമതത്തെ അവഗണിച്ചു; വിശ്വാസത്തെ അപമാനിച്ചു; സ്ത്രീത്വത്തെ മോശമായി ചിത്രീകരിച്ചു എന്നൊക്കെ പറഞ്ഞ് കോടതിയിൽ പോകുമായിരുന്നു. പക്ഷേ പെന്തക്കോസ്തുകാർ പോകില്ല ! ഇനി എം എൽ എ പറഞ്ഞാലും ഒരു മീറ്റിംഗിലും ആ സഹോദരി നിലവിളക്ക് കൊളുത്തുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല കാരണം ഞങ്ങൾ പഠിച്ച ദൈവ വചനം അങ്ങനെയാണ്. ഗണേഷ് കുമാർ എം.എൽ എ ആയിരിക്കാം; ഇനി മന്ത്രിയുമായേക്കും ! പക്ഷേ വാക്കുകൾ ശ്രദ്ധിച്ചാലേ സമൂഹം കൂടെയുണ്ടാകു!അദ്ദേഹത്തിന് കൂട്ടുകാരായി അച്ചൻമാരും പാസ്റ്റർമാരും പൂജാരിമാരും, തിരുമേനിമാരും, മൗലവിമാരും ഉണ്ടായേക്കാം! അതൊക്കെ അദ്ദേഹത്തിന്റെ വ്യക്തിപരമായ ബന്ധം! അതൊന്നും പെന്തക്കോസ്തിലെ വിശ്വാസികൾക്ക് അറിഞ്ഞിട്ട് യാതൊരു കാര്യവുമില്ല. ഗണേഷ് കുമാർ എന്ന സാമൂഹ്യ പ്രവർത്തകനെ ഞാൻ വീണ്ടും അഭിനന്ദിക്കുന്നു. 'ഞാൻ ഒരു ക്രിസ്ത്യാനിയാണ്, ബൈബിൾ വായിക്കുന്നവനാണ്, ഞാൻ പ്രസംഗം കേൾക്കുന്നവനാണ്' എന്നൊക്കെ ഇദ്ദേഹം പറയുന്നത് ഞാനും കേട്ടിട്ടുണ്ട് ! പക്ഷേ ഇപ്പോൾ രാഷ്ട്രീയക്കാരുടെ നില നിൽപ്പിന്റെ സംസാരമായിരുന്നു അതെല്ലാമെന്ന് തിരിച്ചറിയുന്നു.




ഡോ. സന്തോഷ് പന്തളം

ഇന്ത്യയുടെ പരമോന്നത കോടതിയെക്കാളും വലിയ ഒരു സർഗ്ഗീയ കോടതി നിലവിലുണ്ട് ! ഉന്നതികളിൽ നിന്നുകൊണ്ട് അഹങ്കരിക്കുന്നവരെ താഴെയിറക്കിയ ദൈവമാണ് ഞങ്ങളുടെ ദൈവം. രാജാവിനെ മൃഗത്തെപ്പോലെ പുല്ല് തീറ്റിപ്പിച്ചവൻ!

'ഉടൻ തന്നേ ആ വാക്കു നെബൂഖദ്നേസരിന്നു നിവൃത്തിയായി; അവനെ മനുഷ്യരുടെ ഇടയിൽ നിന്നു നീക്കിക്കളഞ്ഞു; അവന്റെ രോമം കഴുകന്റെ തൂവൽപോലെയും അവന്റെ നഖം പക്ഷിയുടെ നഖംപോലെയും വളരുന്നതുവരെ, അവൻ കാള എന്നപോലെ പുല്ലു തിന്നുകയും അവന്റെ ദേഹം ആകാശത്തിലെ മഞ്ഞുകൊണ്ടു നനയുകയും ചെയ്തു.
(ദാനീയേൽ 4:33).

ഇത് ഇന്ത്യാ മഹാരാജ്യമാണ്. ഇവിടെ മതസ്വാതന്ത്ര്യമുണ്ട്. മറ്റ് മതത്തെ വേദനിപ്പിക്കാതെ അവനവൻ വിശ്വസിക്കുന്ന മതത്തിൽ നിന്നുകൊണ്ട് അത് പരസ്യ പ്രഖ്യാപനം ചെയ്യാനും നിയമം അനുശാസിക്കുന്നു.
വിളക്ക് കത്തിക്കാൻ ഇഷ്ടമില്ലെങ്കിൽ വേണ്ട അത് അവരുടെ തീരുമാനത്തിൽ പെട്ടതാണ്.
ഒരു പെന്തെക്കോസ്തു വിശ്വാസിയും നിലവിളക്ക് കത്തിക്കുകയില്ല അത് ഞങ്ങളുടെ നിലവാരമല്ല ദൈവ വചനപ്രകാരമല്ലാതെ ഞങ്ങൾ ചെയ്യുകയില്ല.

## വോട്ടു പിടിക്കാൻ വരുന്ന തനി രാഷ്ട്രീയക്കാരനോ?



ജയ്സൺ സോളമൻ

കഴിഞ്ഞദിവസം സോഷ്യൽ മീഡിയയിൽ CDS ന്റെ ചെയർപേഴ്സൺ ആയ ഒരു പെന്തക്കോസ്തു സഹോദരി നിലവിളക്ക് കൊളുത്തിയില്ല എന്നതിനെ തുടർന്ന് ഗണേഷ് കുമാർ കുമാർ എം എൽ എ നടത്തിയ പരാമർശം കാണുവാൻ ഇടയായി. ഒരാളുടെ മത വിശ്വാസം അവരുടെ വ്യക്തി സ്വാതന്ത്ര്യം ആണ്. അതേ വേദിയിൽ തന്നെ ഗണേഷ്കുമാർ മറ്റൊരു സമുദായ നേതാവിനെ വാനോളം പൊക്കിപ്പറഞ്ഞു; എന്നിട്ട് ആ സഹോദരിയെയും പെന്തക്കോസ്ത് സമൂഹത്തെയും ഇകഴ്ത്തി സംസാരിച്ചു. ഗണേഷ് കുമാറിലെ പൊതുപ്രവർത്തകനെ ഇഷ്ടമാണ് . പക്ഷേ അദ്ദേഹം നടത്തിയ ആ ഭാഷാ ശൈലി ഞാൻ ഉൾപ്പെട്ടു നിൽക്കുന്ന പെന്തക്കോസ്ത് സമൂഹത്തിന് ഹൃദയത്തിൽ മുറിവുളവാക്കി. അദ്ദേഹം പാസ്റ്റർ എന്ന പദം പറഞ്ഞു വളരെ പുച്ഛത്തോടെ സംസാരിക്കുന്നത് വീഡിയോയിൽ വ്യക്തമാണ്. പിന്നെ ഇലക്ഷൻ ആകുമ്പോൾ യേശുവേ സ്തോത്രം, ഗ്ലോറി എന്നൊക്കെ പറഞ്ഞുവന്ന് വോട്ടു പിടിക്കാൻ വരുന്ന തനി രാഷ്ട്രീയക്കാരനായി പെരുമാറുന്നു. ഗണേഷ് കുമാറിലെ രാഷ്ട്രീയക്കാരൻ വളർന്നോട്ടെ; കുഴപ്പമില്ല ! പക്ഷേ മറ്റുള്ളവരുടെ മതവിശ്വാസത്തെ വ്രണപ്പെടുത്തുന്ന രീതിയിലുള്ള താങ്കളുടെ പ്രസ്താവനകളെ ഞങ്ങൾ പുച്ഛിച്ചു തള്ളുന്നു.

## പെന്തക്കാസ്തുകാർ ഇടിഞ്ഞുവീഴുന്ന, വിശ്വാസത്തിന്റെ ഉടമകളോ?



ബോവസ് പനമട

പൊതുവേദിയിൽ ഒരാൾക്ക് വിളക്ക് കത്തിക്കാനും അതിൽ നിന്നും മാറി നിൽക്കാനുമുള്ള സ്വാതന്ത്ര്യം ഉണ്ട്. അതിന്റെ പേരിൽ ഒരു സമൂഹത്തെ മുഴുവനും പൊതുവേദിയിൽ അടച്ചാക്ഷേപിക്കാൻ ആർക്കും അധികാരമില്ല.

സ്രോതസ്സ് എവിടെ നിന്നായാലും, കൊളുത്തുന്നത് പ്രകാശം അല്ലേ? അത്തൽ അകറ്റുന്ന പ്രകാശം ഏവർക്കും പുതു പ്രതീക്ഷകളല്ലേ നൽകുന്നത്?
മതപരമായി ഉറച്ച വിശ്വാസം ഉള്ളവരും തിരി കത്തിച്ചാൽ സ്വർഗ്ഗത്തിൽ പേര് വെട്ടിക്കളയും എന്ന ചിന്തയുള്ളവരും നിലവിളക്ക് കത്തിച്ചാൽ, ഉടനെ ഇടിഞ്ഞു വീഴുന്ന, വിശ്വാസത്തിന്റെ ഉടമകളുമെല്ലാം ഇങ്ങനെയുള്ള പൊതു പരിപാടികൾക്ക് പോകാതെ, വേദ പുസ്തകം വായിച്ചും പ്രാർത്ഥിച്ചും വീട്ടിൽ കുത്തിയിരിക്കുക,.....! മന:സാക്ഷിയുടെ അക്ഷേപം ഇല്ലാത്തവർ അതിൽ പങ്കെടുക്കട്ടെ! തല്ക്കാലം ഈ വിഷയത്തിൽ ഒരു വിവാദം വേണ്ട എന്നതാണ് എന്റെ പക്ഷം.

# മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി:വിട പറയുന്നത് പെന്തകോസ്ത് സമൂഹത്തിന്റെ ആത്മമിത്രം

കോട്ടയം: മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ വിയോഗം പെന്തക്കോസ്ത് സമൂഹത്തിന് തീരാനഷ്ടമാണെന്നും ഈ സമൂഹത്തെ ഇത്രയും അടുത്തറിയുന്ന മറ്റൊരു രാഷ്ട്രിയ നേതാവ് കേരളത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ലെന്നും വിവിധ പെന്തകോസ്ത് സഭാ നേതാക്കൾ മാധ്യമങ്ങളോട് പ്രതികരിച്ചു.



ഇന്ത്യ പെന്തക്കോസ്ത് ദൈവസഭയുടെ അന്തർദേശീയ കൺവൻഷൻ കുമ്പനാട് ഹെബ്രോൻപുരത്ത് നടക്കുമ്പോൾ അദ്ദേഹത്തിന്റെ സാന്നിധ്യം മിക്ക വർഷവും മുടങ്ങാതെ ഉണ്ടായിരുന്നു. ഒരു നേതാവ് എങ്ങനെയാകണം എന്ന് കേരള സമൂഹത്തെ പഠിപ്പിച്ച വലിയ പാഠപുസ്തകമായിരുന്നു ഉമ്മൻ ചാണ്ടി. ഐ പി സി യുടെ ആത്മാർത്ഥ സ്നേഹിതനെയാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ വേർപാടോടെ നഷ്ടമായതെന്ന് സഭാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ്, സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ എന്നിവർ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.സഭയുടെ പൊതു ആവശ്യങ്ങളിൽ എപ്പോഴും കൂടെ നിന്ന വ്യക്തിത്വമായിരുന്നു ഉമ്മൻ ചാണ്ടി. മനുഷ്യത്വത്തിന് പ്രാധാനം നൽകി ജനങ്ങളോടൊപ്പം എപ്പോഴും ഉണ്ടായിരുന്നു. തിരുവനന്തപുരത്തെ കന്റോൺമെന്റ് ഹൗസിലും ക്ലിഫ് ഹൗസിലും പുതുപ്പള്ളി ഹൗസിലുമെല്ലാം ചെല്ലുമ്പോൾ തന്റെ ഇടപ്പെടൽ ഹൃദ്യയമായിരുന്നു.

തികഞ്ഞ ദൈവവിശ്വാസിയും മനുഷ്യ സ്നേഹിയും പ്രത്യേകിച്ച് പെന്തെക്കോസ്തു സമൂഹവുമായി നല്ല ബന്ധം പുലർത്തുകയും ചെയ്ത വ്യക്തിയായ ഉമ്മൻ ചാണ്ടി ഒരു പ്രാർത്ഥനാ മനുഷ്യനുമായിരുന്നു. തന്റെ




അടുക്കൽ പരാതിയുമായി വരുന്ന ആരെയും താൻ നിരാശപ്പെടുത്തി വിട്ടിട്ടില്ല. അദ്ദേഹം ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ അടുത്ത സുഹൃത്തായിരുന്നു എന്ന് മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ വി ജെ തോമസ്. അദ്ദേഹത്തിന്റെ സ്നേഹാദരവോടെയുള്ള ഇടപെടലുകൾ സഭയ്ക്ക് മറക്കാൻ കഴിയില്ലെന്ന് സഭയുടെ ഇന്റർനാഷണൽ പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസ് , നാഷണൽ പ്രസിഡന്റ് പാസ്റ്റർ എബ്രഹാം ജോസഫ് എന്നിവർ പ്രസ്താവിച്ചു. മറ്റു കൗൺസിൽ അംഗങ്ങളും തങ്ങളുടെ ഓർമ്മകൾ പങ്കുവെച്ചു.

# Wings of HOPE

AN ENGLISH DIGITAL WEEKLY FROM CHRISTIAN LIVE FAMILY

*An english digital weekly*
*From Christian Live Family*

